

# വെള്ളാനി സെന്റ് ആന്റണീസ് ഇടവക

ക്രൈസ്തവ വിശ്വാസ തീക്ഷ്ണതയുള്ള വെള്ളാനിയിലെ വിശ്വാസസമൂഹത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കാട്ടൂർ, കരാഞ്ചിറ, ചിറയ്ക്കൽ, പഴുവിൽ തുടങ്ങിയ സമീപപ്രദേശങ്ങളിൽ ആരാധനയ്ക്കായി പോയിരുന്ന മുപ്പതോളംവരുന്ന വെള്ളാനിയിലെ ക്രൈസ്തവ കുടുംബങ്ങൾക്ക് സ്വന്തമായി ഒരു ആരാധനാലയം എന്ന ആശയം മുന്നോട്ട് വച്ചത് കാട്ടൂർ പള്ളി വികാരിയായിരുന്ന റവ. ഫാ. ജേക്കബ് മഞ്ഞളിയാണ്. 1950-ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചിറയത്ത് ദേവസ്സി കൊച്ചാപ്പു ദാനമായി നല്കിയ 8 സെന്റ് സ്ഥലത്ത് മാള്യേക്കൽ അന്തപ്പൻ, മാളിയേക്കൽ ഐപ്പുട്ടി, പെരുമ്പുള്ളി പൊറിഞ്ചു, മാളിയേക്കൽ അന്തോണി, വെള്ളാനിക്കാരൻ ലോനപ്പൻ എന്നിവരുടെ മേൽനോട്ടത്തിൽ ക്രൈസ്തവ കുടുംബങ്ങളുടെ സഹകരണത്തോടെ ആരംഭിച്ച കപ്പേളയുടെ നിർമ്മാണം 1954-ൽ പൂർത്തിയായി.

## കുരിശുപള്ളി

1958 ജൂലൈ 6-ന് അഭിവന്ദ്യ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി കപ്പേളയെ കുരിശുപള്ളിയായി ഉയർത്തിയതും, ജൂലൈ 27-ന് വികാരി റവ. ഫാ. സെബാസ്റ്റ്യൻ തേർമഠത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ കുരിശുപള്ളിയിൽ പ്രഥമ ദിവ്യബലി അർപ്പിച്ചതും വെള്ളാനിയുടെ ചരിത്രത്തിലെ നാഴികക്കല്ലുകളാണ്. കുരിശുപള്ളിയുടെ വികസനത്തിനായി റവ. ഫാ. സെബാസ്റ്റ്യൻ തേർമഠം 50 സെന്റ് സ്ഥലവും തൃശ്ശൂർ രൂപത 96 സെന്റ് സ്ഥലവും ദാനമായി നല്കിയത് പ്രത്യേകം അനുസ്മരണീയമാണ്. സിമിത്തേരി ആരംഭിക്കുന്നതിനുള്ള അനുവാദം കുരിശുപള്ളിക്ക് ലഭിച്ചത് 1961-ലാണ്. 1969 ഫെബ്രുവരിയിൽ തിരുനാൾ പ്രദക്ഷിണം നടത്താൻ അനുമതി ലഭിച്ചു.

## ഇടവക

1972-ൽ DL 7/1972 കല്പന പ്രകാരം വെള്ളാനി സെന്റ് ആന്റണീസ് കുരിശുപള്ളിയെ 15.11.1972-ൽ അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം തിരുമേനി ഇടവകയുടെ പദവിയിലേക്കുയർത്തി. ക്രമേണ ചെറിയ ഒരു വൈദികമന്ദിരവും പണിതു. കാട്ടൂർ, ചിറയ്ക്കൽ എന്നീ പള്ളി വികാരിമാർക്കുശേഷം പ്രധാനമായി കാറളം പള്ളി വികാരിമാരാണ് ഇവിടെയും വികാരിമാരായി നിയമിതരായിരുന്നത്. പിന്നീട് വെള്ളാനിയിൽ താമസിച്ച് ഇടവകയ്ക്കുവേണ്ടി



സ്റ്റേജ്, മതബോധന ഹാൾ



വൈദികമന്ദിരം

സേവനമനുഷ്ഠിച്ച ബഹു. ഇഗ്നേഷ്യസ് വെളിയന്നൂക്കാരനച്ചനെ നന്ദിയോടെ ഓർക്കേണ്ടതുണ്ട്.

## പുതിയ പള്ളി

ഇടവക സമൂഹത്തിന്റെ ബലിയർപ്പണത്തിനും തിരുക്കർമ്മങ്ങൾക്കും ചെറിയ ദേവാലയം അപര്യാപ്തമാണെന്ന് മനസ്സിലാക്കി പുതിയൊരു ദേവാലയ നിർമ്മാണത്തെക്കുറിച്ച് ബഹു. വികാരി റവ. ഫാ. മാത്യു പേരാമംഗലത്തിന്റെ നേതൃത്വത്തിൽ ആലോചിച്ച് തീരുമാനിക്കുകയും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി രൂപതയിൽനിന്ന് അനുവാദം ലഭിച്ചതിനെത്തുടർന്ന് 1980 ജൂൺ 1-ന് ഇരിങ്ങാലക്കുട രൂപത മെത്രാൻ അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ ദേവാലയ നിർമ്മാണത്തിന് ശിലപാകുകയും ചെയ്തു. പിന്നീട്, 1981 ജനുവരി മുതൽ വികാരി റവ. ഫാ. ജോസ് മഞ്ഞളി, കൺവീനർ മാളിയേക്കൽ അന്തപ്പൻ ജോസഫ്, കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ, ഇടവകാംഗങ്ങളുടെ അക്ഷീണ പ്രയത്നത്തിൽ, നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും 1984 മെയ് 5-ന് തൃശ്ശൂർ രൂപതാമെത്രാൻ മാർ ജോസഫ് കുണ്ടുകുളം, ചായൽ സ്ഥാനികമെത്രാൻ പൗലോസ് മാർ പീലിക്സിനോസ് എന്നിവരുടെ സഹകാർമ്മികത്വത്തിൽ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് പുതിയ ദേവാലയത്തിന്റെ കൂദാശകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

## മതബോധനഹാൾ, വൈദികമന്ദിരം

1997 ജൂൺ 1-ന് റവ. ഫാ. ആന്റണി കരുമാലിക്കൽ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ച മതബോധനഹാളിന്റെ ആശീർവാദകർമ്മം 2000 മാർച്ച് 5-ന് അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. മാളിയേക്കൽ വാറുണ്ണി അന്തപ്പൻ, ഭാര്യ റോസ എന്നിവരുടെ സ്മരണാർത്ഥം മക്കൾ നിർമ്മിച്ച് നല്കിയ വൈദികമന്ദിരം 2002 ഏപ്രിൽ 2-ന് മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിച്ചു.

## സ്ഥിരവാസമുള്ള വികാരി

രൂപതാസ്ഥാപനത്തിന്റേയും ജെയിംസ് പഴയാറ്റിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റേയും രജത ജൂബിലി സ്മാരകമായി നിർമ്മിച്ച് വികാരി റവ. ഫാ. ആന്റോ പാറാശ്ശേരി ഉദ്ഘാടനം ചെയ്ത കൊടിമരവും 2004 ഡിസംബർ 31-ന് കുരുതുകുളങ്ങര ജോസഫ് അന്തോണിയുടെ സ്മരണയ്ക്കായി നിർമ്മിച്ച് നല്കിയ സ്റ്റേജും വെള്ളാനി ഇടവകയിലെ സ്മാരകങ്ങളാണ്. പിന്നീട് 28.01.2005-ന് സ്ഥിരവാസമുള്ള വികാരിയായി റവ. ഫാ. തോമസ് മേനാച്ചേരി നിയമിതനായി. ഒരു വിശ്വാസി നല്കിയ 300000 രൂപയ്ക്ക് ബഹു. പോൾ മംഗലൻ അച്ചന്റെ നേതൃത്വത്തിൽ പള്ളപ്പറമ്പിനു ചുറ്റും മതിൽകെട്ടി ഉയർത്തി. 2007 ഡിസംബർ 28-ന് റവ. ഫാ. ജോമി തോട്ട്യാന്റെ നേതൃത്വത്തിൽ നടന്ന വിപുലമായ ദേവാലയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുശേഷം പള്ളി വെഞ്ചിരിപ്പും ഇടവക മദ്ധ്യസ്ഥന്റെ തിരുശേഷിപ്പ് പ്രതിഷ്ഠയും നടന്നു.

## കോൺവെന്റ്

ഡൊമിനിക്കൻ സിസ്റ്റേഴ്സ് ഓഫ് ഹോളി ട്രിനിറ്റി സന്യാസിനീസമൂഹത്തിന്റെ ഒരു ശാഖ 2003 മെയ് 28-ന് വെള്ളാനി ഇടവകയിൽ സ്ഥാപിതമായി. തുടർന്ന് 2003 ജൂൺ 2-ന് അവരുടെ നേതൃത്വത്തിൽ ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂളും പ്രവർത്തനം ആരംഭിച്ചു.

## സംഘടനകൾ

അഞ്ച് കുടുംബസമ്മേളന യൂണിറ്റുകളിലായി 133 ക്രൈസ്തവ കുടുംബങ്ങളും 680-ഓളം വിശ്വാസികളും ആദ്യ സമ്പൂർണ്ണ വചനസാക്ഷ്യ ഇടവകയായി പ്രഖ്യാപിക്കപ്പെട്ട വെള്ളാനി ഇടവകയിലുണ്ട്. മതബോധനവിഭാഗവും വിവിധ സംഘടകളും ഏറെ സജീവമായി മുന്നേറുന്നു. കേരളസഭ മാസികയോട് ചേർന്ന് എല്ലാമാസവും ഇടവക ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചുവരുന്നു.



സെന്റ് ഡൊമിനിക് കോൺവെന്റ്



സെന്റ് ഡൊമിനിക് സ്കൂൾ